DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

M 11501

Reg. No.: ..............................

Name : ..................................

**I Semester B.A./B.Sc./B.Com./B.B.A./B.B.A. T.T.M./B.B.M./B.C.A./B.S.W. Degree (CCSS – Reg./Supple./Imp.) Examination, November 2011**
**COMMON COURSE IN MALAYALAM FOR B.A./B.Sc.**
**1 A 07 MAL : സാഹിത്യ പഠനങ്ങൾ**
**(2010 Admn. Onwards)**

Time : 3 Hours　　　　Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക (**ഓരോ** വിഭാഗത്തിന്റെയും മൂല്യം **1**). **(1×4=4 വെയിറ്റേജ്)**

1) ''വിരലിന്നറ്റത്തോളം വീരനുമഗാധമാം
കരളിന്നടിവരെബ്ഭക്തനുമാണാ മഹാൻ''

എ) ആരെയാണു ഈ വരികളിൽ സൂചിപ്പിക്കുന്നത് ?

ബി) ഈ കവിതയിൽ നേരിട്ടു പരാമർശിക്കുന്ന മറ്റ് ചരിത്ര കഥാപാത്രങ്ങളാരെല്ലാം ?

സി) കവി ഈ കവിതയിൽ വിമർശിക്കുന്നതെന്തിനെ ?

ഡി) മലയാളത്തിൽ ആദ്യമായി ജ്ഞാനപീഠം കിട്ടിയ കവിയാര് ?

2) ''തരമായടുത്തവൻ ചാടാറായ് -ഞാനാക്കൽ –
പ്രതിമയാ ക്രൂരന്റെ മുതുകിൽത്തള്ളി''

എ) ആരാണടുത്തത് ?

ബി) ആരുടെ പ്രതിമ ?

സി) വിവക്ഷിതമെന്ത് ?

ഡി) ആരുടെ കൃതിയിൽ നിന്നുള്ള വരികൾ ?

3) ''ചെവിയാട്ടി വാലാട്ടി തുമ്പിയാട്ടി
നിരനിരയായി –
നിവർന്നു നിന്നിരുന്നു''

എ) ആര് ?

ബി) എവിടെ ?

സി) വിവക്ഷിതമെന്ത് ?

ഡി) ഏതു കവിതയിൽ നിന്നുള്ള വരികൾ ?

4) ''രണ്ടു വഴിക്കാണല്ലോ, നിനക്ക് ദു:ഖം നേരിട്ടത്. അതിൽ ഏതിനാണു പ്രതിവിധി വേണ്ടത് '' ?

എ) വക്താവാര് ?

ബി) ദു:ഖ കാരണമെന്ത് ?

സി) ആരോടാണു പറയുന്നത് ?

ഡി) നിർദ്ദേശിക്കപ്പെട്ട പ്രതിവിധി എന്ത് ?

5) ''ത്രാണിയിൽ ചാടിക്കടന്നപ്പുമാൻ പെണ്ണാളുടെ
പാണിയെഗ്രഹിച്ചാഞ്ഞു കടത്തീതവളെയും''

എ) എന്താണു ചാടിക്കടന്നത് ?

ബി) ആരാണ് ചാടിക്കടന്നത് ?

സി) സൂചിതമെന്ത് ?

ഡി) കുടിയൊഴിക്കൽ ആരുടെ കൃതിയാണ് ?

II. **ഏഴുപത്തഞ്ചു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക (വെയിറ്റേജ് **1**). **(4×1=4 വെയിറ്റേജ്)**

6) ''ഉയരാ,നക്രമ നീതിക്കെതിരായ് –
പ്പൊരുതാനൊരുവനുയിർക്കുമ്പോൾ'' – കവി മനസ്സിലുണ്ടാകുന്ന ഭാവമെന്ത് ?

7) ''പൗരജീവിതത്തിലേയ്ക്കു വെളിച്ചം വീശിത്തന്ന ആ അരിപ്പച്ചൂട്ട് പിന്നീടൊരിക്കലും ഞാൻ കുത്തിക്കെടുത്തിയിട്ടില്ല''. ഏതരിപ്പച്ചൂട്ട് ? വിശദീകരിക്കുക.

8) 'കഷ്ടമാണു. പക്ഷേ കോസ്റ്റലി ഫർണിച്ചറിലൊക്കെ- ഓപ്പറേഷൻ തീരെ വേദനിയ്ക്കില്ല. പിന്നെ ഒരിക്കലും നഖം വളരില്ല. നന്ദിനിയും അതാണു ചെയ്തത്. അതിവിടെ എല്ലാവരും ചെയ്യുന്നു.'' – വിശദീകരിക്കുക.

9) ഭാരതീയ ഭാഷകൾ തമ്മിലുള്ള സമ്പർക്കത്തിന്റെ ആവശ്യകത പ്രധാനപ്പെട്ട താണെന്ന് പറയാൻ കാരണമെന്ത് ?

10) ''ചോരതൻ ചുവപ്പിലും കണ്ണീരിൻ പുളിപ്പിലും
സാരമാം മർത്ത്യൈക്യത്തെക്കണ്ടീല, കാണിച്ചീല!'' – വിശദീകരിക്കുക.

III. **നൂറമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണത്തിനു** ഉത്തരമെഴുതുക (വെയിറ്റേജ് **2**). **(5×2=10 വെയിറ്റേജ്)**

11) 'കുട്ടിക്കൃഷ്ണമാരാരുടെ രചനാശൈലി 'അംബ'യെ ആസ്പദമാക്കി വിശദീകരിക്കുക.

12) 'പെണ്ണെഴുത്ത് ഒരു ചീത്തവാക്കാ'ണോ എന്നു പരിശോധിക്കുക.

13) ലോറൻസ്, അമ്പുട്ടി വൈദ്യർ, ഉമ്പിച്ചി എന്നിവർ കനകരാജന്റെ റിസോർട്ടിൽ പുതു രൂപങ്ങൾ ആയി മാറുന്നത് നോവലിസ്റ്റ് എങ്ങനെ ആവിഷ്കരിക്കുന്നു ?

14) 'ഷെർലക്ക് ' എന്ന കഥയെ എം.ടി. യുടെ രചനാരീതിയിലുള്ള മാറ്റമായി പരിഗണിക്കാൻ കഴിയുമോയെന്നു പരിശോധിക്കുക.

15) ''എങ്ങു മനുഷ്യനു ചങ്ങല കൈകളി –
ലങ്ങെൻ കൈയുകൾ നൊന്തീടുകയാ –
ണങ്ങോ മർദ്ദന,മവിടെ പ്രഹരം
വീഴുവതെന്റെ പുറത്താകുന്നു'' – വിശദീകരിക്കുക.

16) വൃത്താന്ത പത്രപ്രവർത്തനം എന്ന കഥയുടെ ആഖ്യാനപരമായ പ്രത്യേകതകൾ വിശദീകരിക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ നിന്ന് **മൂന്നെണ്ണ**ത്തിനു ഉത്തരമെഴുതുക (വെയിറ്റേജ് **4**). **(3×4=12 വെയിറ്റേജ്)**

17) ഉമ്പിച്ചിയുടെ കഥയിലൂടെ അംബികാസുതൻ മാങ്ങാട് വെളിവാക്കുന്ന സാമൂഹ്യ ബോധത്തെക്കുറിച്ച് ചർച്ച ചെയ്യുക.

18) 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിതയിൽ ആവിഷ്ക്കരിച്ചിട്ടുള്ള സാംസ്കാരിക പ്രശ്നങ്ങൾ എന്തെല്ലാം ?

19) ദാമ്പത്യജീവിതത്തിലെ പൊരുത്തക്കേടുകൾ 'കണ്ണീർപ്പാട'ത്തിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

20) ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമെന്ന് സ്ഥാപിക്കുന്നതാണു ബുദ്ധനും ഞാനും നരിയും എന്ന കവിത – ചർച്ച ചെയ്യുക.

---